(ബി) 2004-ലെ കണക്കുകൾ പ്രകാരം ഒരു വിദേശി സംസ്ഥാനത്ത് ഒരു ദിവസം താമസിക്കുമ്പോൾ ശരാശരി 2600 രൂപ ചെലവഴിക്കുന്നതായി കണക്കാക്കപ്പെടുന്നു. സർക്കാരിന് മാത്രമായി ലഭിക്കുന്ന തുകയുടെ കണക്കുകൾ ലഭ്യമല്ല.

ആറൻമുള സത്രക്കടവിൽ വാട്ടർ സ്റ്റേഡിയവും സ്ഥിരം പവലിയനും പണിയാൻ നടപടി

49 [3393] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറൻമുളയിലെ ഉത്രട്ടാതി വള്ളംകളി നടക്കുന്ന സത്രക്കടവിൽ ഒരു വാട്ടർ സ്റ്റേഡിയവും വള്ളംകളി ഇരുന്നു കാണുന്നതിനായി ഒരു സ്ഥിരം പവലിയനും പണിയുന്നതിന് തുക അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

ഈ പദ്ധതിയുടെ പ്രായോഗികത പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബോട്ട്ജെട്ടിയും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ട്.

കാഞ്ഞിരക്കൊല്ലി പ്രദേശത്തിന്റെ ടൂറിസം വികസന സാദ്ധ്യതകൾ

50 [3394] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കാഞ്ഞിരക്കൊല്ലി പ്രദേശത്തിന്റെ ടൂറിസം വികസന സാദ്ധ്യതകൾ സംബന്ധിച്ച് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നിർദ്ദേശങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാഞ്ഞിരക്കൊല്ലി പ്രദേശത്തെ ഏലപ്പാറ, ശശിപ്പാറ റോഡ് വികസനത്തിന് വേണ്ടിയുള്ള 28 ലക്ഷം രൂപ മതിപ്പ് ചെലവിലുള്ള ഒരു പ്രൊപ്പോസലാണ് ഡി.ടി.പി.സി. സമർപ്പിച്ചിട്ടുള്ളത്. റോഡുകളുടെ വികസനത്തിനായുള്ള നാറ്റ്പാക്ക് റിപ്പോർട്ടിൽ പ്രസ്തുതപ്രദേശം ഉൾപ്പെടാത്തതിനാലും

LIBRARY ARCHIVES Kerala Legislative Assembly